(ബി) സംസ്ഥാനത്തെ ഹോമിയോ ഡിസ്പെൻസറികളുടെ ജില്ല തിരിച്ചുള്ള വിവരം താഴെ കൊടുക്കുന്നു:

തിരുവനന്തപുരം	..	51
കൊല്ലം	..	37
പത്തനംതിട്ട	..	25
ആലപ്പുഴ	..	41
കോട്ടയം	..	44
ഇടുക്കി	..	33
എറണാകുളം	..	51
തൃശ്ശൂർ	..	39
പാലക്കാട്	..	39
മലപ്പുറം	..	42
കോഴിക്കോട്	..	45
വയനാട്	..	19
കണ്ണൂർ	..	38
കാസർഗോഡ്	..	21
ആകെ	..	525

ജലവൈദ്യുത പദ്ധതികളിലെ ജലവിതാനം

176 [2669] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലവൈദ്യുത പദ്ധതികളിലെ ജലവിതാനത്തിന്റെ അളവ് കാലവർഷം തുടങ്ങിയതിനുശേഷം എത്രയായിട്ടുണ്ടെന്നറിയിക്കാമോ;

(ബി) സംസ്ഥാനത്തെ വൈദ്യുതിയുടെ പ്രതിദിന ഉപഭോഗം എത്ര യൂണിറ്റാണെന്ന് നിജപ്പെടുത്തിയിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് ഇപ്പോൾ എത്ര മില്യൺ യൂണിറ്റ് വൈദ്യുതിയാണ് ഉൽപ്പാദിപ്പിക്കുന്നതെന്നറിയിക്കാമോ?

ഉത്തരം

(എ) ഈ വർഷത്തെ കാലവർഷം ആരംഭിച്ച മെയ് 18 മുതൽ 31 വരെയുള്ള നീരൊഴുക്ക് 266 ദശലക്ഷം യൂണിറ്റും, ജൂണിലെ നീരൊഴുക്ക് 1401 ദശലക്ഷം യൂണിറ്റും ജൂലൈ 13 വരെ 380 ദശലക്ഷം യൂണിറ്റും ആണ്.

(ബി) പ്രതിദിനം ശരാശരി ഉപഭോഗം 35 ദശലക്ഷം യൂണിറ്റാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 12-7-2004-ലെ കണക്കനുസരിച്ചുള്ള ഉൽപ്പാദനം താഴെ ചേർക്കുന്നു:

ജലം	..	16.5872 ദശലക്ഷം യൂണിറ്റ്
താപം	..	0.5710 ദശലക്ഷം യൂണിറ്റ്
കാപ്റ്റീവ്	..	0.1739 ദശലക്ഷം യൂണിറ്റ്
ആകെ	..	17.3321 ദശലക്ഷം യൂണിറ്റ്

പള്ളിവാസൽ, പന്നിയാർ, ചെങ്കുളം പദ്ധതികളുടെ നവീകരണം

177 [2670] ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
" കെ. ബാബു:
" ലൂഡി ലൂയിസ്:
" പ്രയാർ ഗോപാലകൃഷ്ണൻ:
ശ്രീമതി രാധാ രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിവാസൽ, പന്നിയാർ, ചെങ്കുളം പദ്ധതികളുടെ നവീകരണം പൂർത്തിയായോ;

(ബി) ഈ പദ്ധതിയുടെ നവീകരണം സംബന്ധിച്ച ജോലികൾ ആർക്കാണ് നൽകിയത്;

(സി) ഇവയുടെ പണിക്ക് ടെൻഡറോ, ഗ്ലോബൽ ടെൻഡറോ നൽകിയോ;

(ഡി) ഇല്ലെങ്കിൽ അതിന്റെ കാരണം അറിയിക്കാമോ;

(ഇ) ഇവയുടെ പണി ആരെയാണ് ഏൽപ്പിച്ചത്:

(എഫ്) എന്തടിസ്ഥാനത്തിലാണ്പണിയേൽപ്പിച്ചത്;

(ജി) എന്തു തുകയ്ക്കാണ് നൽകിയിട്ടുള്ളതെന്ന് വെളിപ്പടുത്താമോ;

(എച്ച്) ഈ പണി ഏൽപ്പിക്കപ്പെട്ട സ്ഥാപനത്തിന്റെ മേൽ പണി ഏൽപ്പിക്കുന്ന സമയത്ത് വിജിലൻസ് അന്വേഷണം നടത്തിയിരുന്നുവോ;

(ഐ) എങ്കിൽ എന്തെല്ലാം കാര്യം സംബന്ധിച്ചായിരുന്നു അന്വേഷണം നടത്തിയത്;

(ജെ) ഇത് സംബന്ധിച്ച എന്തെങ്കിലും ക്രമക്കേട് ശ്രദ്ധയിൽപ്പെട്ടുവോ;

(കെ) എങ്കിൽ അതേപ്പറ്റി വിജിലൻസ് അന്വേഷണം നടത്തിയോ;

(എൽ) അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(എം) എങ്കിൽ വിശദാംശങ്ങൾ അറിയ്ക്കാമോ;

(എൻ) ബന്ധപ്പെട്ടവരുടെ മേൽ കേസെടുക്കണമെന്ന് പ്രസ്തുത റിപ്പോർട്ട് സൂചിപ്പിച്ചിട്ടുണ്ടോ;

(ഒ) എങ്കിൽ അതനുസരിച്ച് കേസെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly